(5) വിവിധ കായിക ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി സ്പോർട്സ് അക്കാഡമികൾ ആരംഭിച്ചു.

(6) കായിക താരങ്ങളെ വിദേശ രാജ്യങ്ങളിൽ അയച്ചു വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

(7) സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള മിനി ഗെയിംസ്, കോളേജ് ഗെയിംസ് എന്നിവ ആരംഭിച്ചു.

(8) അഖിലേന്ത്യാ അമച്വർ അത്ലറ്റിക് ഫെഡറേഷന്റെ അംഗീകാരത്തോടെ 'കേരള മാരത്തോൺ' മൽസരം ആരംഭിച്ചു.

(9) സംസ്ഥാനത്തുടനീളം ആധുനിക കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും വികസിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്.

(10) പുതിയ കായിക താരങ്ങളായ 'തായ്കോൺഡോ'-യിൽ സ്ക്കൂൾ, കോളേജ് കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്. വിദ്യാലയങ്ങൾക്കും, പഞ്ചായത്തുകൾക്കും കളിസ്ഥലം നിർമ്മിക്കാനും, പുനരുദ്ധരിക്കാനുമായി 62,15,000 രൂപ (അറുപത്തിരണ്ട് ലക്ഷത്തി പതിനഞ്ചായിരം) കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ചിട്ടുണ്ട്.

(സി) 47 വിദ്യാലയങ്ങൾക്കും 3 പഞ്ചായത്തുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ 9 സ്ക്കൂളുകൾക്കും ഒരു പഞ്ചായത്തിനും ധനസഹായം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

(1) സെന്റ് കൊർനോലിയോസ് സ്ക്കൂൾ, കൊല്ലാട്.
(2) കടച്ചിറ എച്ച്. എസ്.
(3) ചെമ്പിലോട് ഹൈസ്ക്കൂൾ.
(4) ഗവൺമെന്റ് ഹൈസ്ക്കൂൾ, ഇരിക്കൂർ
(5) സേക്രട്ട് ഹാർട്ട് എച്ച്. എസ്., പയ്യാവൂർ
(6) ജി. എച്ച്. എസ്. എസ്., കുഴിച്ചൽ
(7) രാജീവ്ഗാന്ധി മെമ്മോറിയൽ എച്ച്. എസ്., മൊകേരി
(8) ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ, ചാല
(9) ജി. എച്ച്. എസ്., മാടായി
വളപട്ടണം ഗ്രാമപഞ്ചായത്തിന്.

ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ നേടിയ കായിക താരങ്ങൾക്ക് സഹായം

147 [2119] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-അന്തർദേശീയ പുരസ്ക്കാരങ്ങൾ നേടിയ കായിക താരങ്ങൾക്ക് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കായിക താരങ്ങൾക്കാണ് സഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപവീതം നൽകി;

(ഡി) ഇനിയും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലാത്ത കായിക താരങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകിയിട്ടുള്ള കായിക താരങ്ങളുടെ പേരുവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 1997-ലെ സ്കീം പ്രകാരം ക്യാഷ് അവാർഡ് നൽകിവരുന്നു.

(ബി ആന്റ് സി) (1) 1997 മുതൽ 2003 മാർച്ചുവരെയുള്ള അപേക്ഷകളിൽ കുടിശ്ശികയുണ്ടായിരുന്നതുൾപ്പെടെ എല്ലാ ജേതാക്കൾക്കും ക്യാഷ് അവാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

അവാർഡ് ജേതാക്കളുടെ പേരുവിവരവും ലഭിച്ച തുകയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(2) കൂടാതെ പാരീസിൽ നടന്ന ലോക അത്‌ലറ്റിക് മീറ്റിൽ വെങ്കലം നേടിയ ശ്രീമതി അഞ്ജു ബോബി ജോർജിന് 5 ലക്ഷം രൂപയും ദേശീയ/അന്തർ ദേശീയ അത്‌ലറ്റിക് താരമായ ശ്രീമതി ബോബി അലോഷ്യസിന് ഇംഗ്ലണ്ടിൽ പോയി സ്പോർട് സയൻസ് പഠനത്തിനായി കൗൺസിലിൽനിന്നും 5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(3) ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ വിജയികളായ താരങ്ങൾക്ക് മാസംതോറും സ്കോളർഷിപ്പ് നൽകിവരുന്നു. (വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(4) നീന്തൽ താരം ശ്രീ. എസ്. പി. മുരളീധരന് ഇംഗ്ലീഷ് ചാനൽ നീന്തിക്കടക്കുന്നതിന് വേണ്ടിവരുന്ന ചെലവുകൾക്കായി 1,31,175 രൂപ ധനസഹായം നൽകിയിട്ടുണ്ട്. അന്തരിച്ച സാഹസിക നീന്തൽതാരം ശ്യാം എസ്. പ്രബോധിനിയുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ ധനസഹായമായി നൽകി.

(ഡി) വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമനം നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന ആറ് (6) ഒഴിവുകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. അവരുടെ പേരുവിവരം താഴെ ചേർക്കുന്നു:.

(1) ശ്രീമതി കെ. ജെ. ജെസ്റ്റി

(2) ശ്രീമതി എസ്. എൽ. മിനി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) ശ്രീമതി ഹരിത എസ്. കുറുപ്പ്

(4) ശ്രീ. എൻ. പി. സാന്റി

(5) ശ്രീ. ജി. ബി. രാജേഷ്

(6) ശ്രീ. എൽ. വിനോദ് കുമാർ

പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചവരുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കാൻ നടപടി

148 [2120] ശ്രീ. പി. എസ്. സുപാൽ:

,, എൻ. രാജൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങൾ നിലിവിലുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) സ്കൂൾ, കോളേജ്, സർവ്വകലാശാല തലത്തിലുള്ള കായിക പ്രതിഭകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു വിശദമാക്കുമോ?

ഉത്തരം

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിലേക്കായി മിനി ഗെയിംസ്, റൂറൽ സ്പോർട്സ് മീറ്റ്, വിമൻ സ്പോർട്സ് മീറ്റ്, കോളേജ് ഗെയിംസ് എന്നിവ സ്പോർട്സ് കൗൺസിൽ നടത്തി വിജയികൾക്ക് ക്യാഷ് അവാർഡും നൽകുന്നു. സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തി കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകിവരുന്നു. സ്കൂൾ, കോളേജ് ഹോസ്റ്റൽ, സ്പോർട്സ് അക്കാഡമി, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ എന്നിവയിൽ വിദ്യാർത്ഥികൾക്ക് സെലക്ഷൻ നൽകി വിദഗ്ദ്ധ പരിശീലകരെകൊണ്ട് പരിശീലനം നൽകിവരുന്നു. ദേശീയ അന്തർദേശീയ പുരസ്ക്കാരങ്ങൾ നേടിയ കായിക താരങ്ങൾക്ക് കൗൺസിലിൽ നിന്ന് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ 78 പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ 5-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സ്പോർട്സ് പരിശീലനവും ലഘുഭക്ഷണവും നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) എസ്. എസ്. എൽ. സി., പ്ലസ്ടു തുടങ്ങിയ കോഴ്സുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. കോളേജ്, സർവ്വകലാശാല തലത്തിലുള്ള വിജയികൾക്ക് ക്യാഷ് അവാർഡും, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള കോളേജുകളിൽ കായികതാരങ്ങൾക്കായി സീറ്റുകളും സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly